23 (2208) പി.എസ്.സി. റിസർവേഷൻ സമ്പ്രദായം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിയമനങ്ങൾ നടത്തുമ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലെ മുസ്ലീം റിസർവേഷൻ പ്രകാരമുള്ള കാറ്റഗറിയിലെ ഒരു പ്രത്യേക റാങ്കുകാരൻ നിയമന ഉത്തരവ് കിട്ടിയിട്ടും സർവ്വീസിൽ പ്രവേശിക്കാതെയിരുന്നാൽ ആ ഒഴിവിൽ മുസ്ലീം കാറ്റഗറിയിലെ തൊട്ടടുത്ത റാങ്കുകാരനാണോ നിയമിക്കപ്പെടുകയെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും റാങ്ക് ലിസ്റ്റിലെ റൊട്ടേഷൻ അനുസരിച്ചുള്ള നിയമനത്തിൽ ഒരു പ്രത്യേക കാറ്റഗറിയിൽപ്പെട്ട ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിക്കതെയിരുന്നാൽ ആ ഒഴിവിൽ അതേ കാറ്റഗറിയിൽപ്പെട്ട തൊട്ടടുത്തറാങ്കുകാരനെയല്ല ജനറൽ കാറ്റഗറിയിൽ തൊട്ടടുത്ത റാങ്കുകാരനെയാണ് നിയമിക്കേണ്ടതെന്ന് നിയമവകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; ലീഗൽ അസിസ്റ്റന്റുമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 1995 ലെ കാറ്റഗറി മൂന്നിൽപ്പെട്ട 7-ാം റാങ്കുകാരൻ നിയമനം സ്വീകരിക്കാതിരുന്ന ഒഴിവിൽ അതേ കാറ്റഗറിയിലെ 8-ാം റാങ്കുകാരിയെ നിയമിച്ചിട്ടുണ്ടോ;

(സി) ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച് തെറ്റായ വിവരം നൽകിയതായി ഏതെങ്കിലും എം.എൽ.എ. നിയമവകുപ്പ് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ നാലു കൊല്ലക്കാലത്ത് നിയമവകുപ്പിൽ നടത്തിയ ലീഗൽ അസിസ്റ്റന്റ് നിയമനത്തിന്റെ ലിസ്റ്റ് കാറ്റഗറി തിരിച്ചും റൊട്ടേഷൻ വ്യവസ്ഥ വ്യക്തമാക്കിയും മേശപ്പുറത്തു വയ്ക്കാമോ;

(ഇ) ഡെയിംഗ്-ഇൻ ഹാർനസ് നിയമനം ഓപ്പൺ കാറ്റഗറിയിൽപ്പെടുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ അല്ലാതെ പ്രത്യേക തീരുമാനമൊന്നും നിയമ വകുപ്പിൽ എടുത്തിട്ടില്ല. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് കാറ്റഗറി മൂന്നിൽപെട്ട 7-ാം റാങ്കുകാരി നിയമനം സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രീ. കുട്ടി അഹമ്മദ് കുട്ടി എം.എൽ.എ. 13.8.98 ൽ നിയമ വകുപ്പ് സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഡെയിംഗ് ഇൻ- ഹാർനസ് നിയമനം ഓപ്പൺ കാറ്റഗറിയിലാണ് നടത്തുന്നത്. സാമുദായിക സംവരണം ഇതിന് ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly